بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 03/04/2015

## (13 JAMADUL AAKHIR 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം ഖുർആനിലെ താഴെപ്പറയുന്ന വചനം ഓതി.

حُرِّمَتْ عَلَيْكُمُ الْمَيْتَةُ وَالدَّمُ وَلَحْمُ الْخِنْزِيرِ وَمَا أُهِلَّ لِغَيْرِ اللَّهِ بِهِ وَالْمُنْخَنِقَةُ وَالْمَوْقُوذَةُ وَالْمُتَرَدِّيَةُ
وَالنَّطِيحَةُ وَمَا أَكَلَ السَّبُعُ إِلَّا مَا ذَكَّيْتُمْ وَمَا ذُبِحَ عَلَى النُّصُبِ وَأَنْ تَسْتَقْسِمُوا بِالْأَزْلَامِ ذَٰلِكُمْ
فِسْقٌ الْيَوْمَ يَئِسَ الَّذِينَ كَفَرُوا مِنْ دِينِكُمْ فَلَا تَخْشَوْهُمْ وَاخْشَوْنِ الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَ
أَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا فَمَنِ اضْطُرَّ فِي مَخْمَصَةٍ غَيْرَ مُتَجَانِفٍ لِإِثْمٍ فَإِنَّ
اللَّهَ غَفُورٌ رَحِيمٌ

**“ ശവം, രക്തം, പന്നിമാംസം, അല്ലാഹുവല്ലാത്ത (മറ്റുവല്ല) തിന്റെയും പേരിൽ അർപ്പിക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ചു കൊന്നത്, വീണു ചത്തത്, കൊമ്പുകൊണ്ടു കുത്തിക്കൊല്ലപ്പെട്ടത്, ദുഷ്ട ജന്തുക്കൾ തിന്നു ബാക്കിയായത് (ജീവൻ പോകുന്നതിന് മുമ്പ് നിങ്ങൾ മുറപ്രകാരം അറുക്കുന്നതൊഴിച്ച്), ബിംബങ്ങൾക്കുവേണ്ടി ബലി പീഠത്തിൽ അറുക്കപ്പെട്ടത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. അപ്രകാരം തന്നെ അമ്പുകൾ ഉപയോഗിച്ച് കുറിയിട്ട് ഓഹരി വച്ച് എടുക്കുന്നതും നിങ്ങൾക്ക് വിരോധിക്കപ്പെട്ടിരിക്കുന്നു. ഇത് (എല്ലാം) അധർമ്മമാകുന്നു. ഇന്ന് അവിശ്വസിച്ചവർ നിങ്ങളുടെ മതത്തിന് (ദോഷം വരുത്തുന്നതിൽ നിന്ന്) നിരാശരായിരിക്കുന്നു. അതിനാൽ നിങ്ങൾ അവരെ ഭയപ്പെടരുത്, എന്നെ ഭയപ്പെടുക. ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണ്ണമാക്കി തരുകയും, എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും, ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു. എന്നാൽ, ആരെങ്കിലും പാപത്തിന്റെ ഭാഗത്തേക്ക് മനഃപൂർവ്വം ചായുന്നവനായിട്ടല്ലാതെ വിശന്ന സ്ഥിതിയിൽ നിർബ്ബന്ധിതനായാൽ – അപ്പോൾ അല്ലാഹു തീർച്ചയായും സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. ”** (5:4)

ദൗർഭാഗ്യകരമെന്ന് പറയട്ടെ, 2001 ലെ ദൈവീക ദൃഷ്ടാന്താരംഭം മുതൽ ഇന്ന് വരെ, അഹ്മദിയ്യാ ജമാഅത്തിൽ എല്ലാത്തരം മുല്ലാകളെയും നാം കണ്ടിരിക്കുന്നു. ദൈവീക ദൃഷ്ടാന്തത്തോടെ, ഈ മുല്ലാക്കളുടെ യഥാർത്ഥ മുഖം നമുക്ക് കാണുവാൻ കഴിഞ്ഞു. സൃഷ്ടി സേവനം നടത്തുന്ന ആളുകളെ വേദനിപ്പിക്കുന്ന ഗൗരവാവഹമായ വിഡ്ഢിത്തം പുലമ്പുന്ന അമീറിനെയും അതേ ഗണത്തിൽപ്പെടുന്ന ബശാറത്തു നവീദിനെ പോലുള്ള മുല്ലായെയും നാം ഇപ്പോൾ കണ്ട് കൊണ്ടിരിക്കുകയാണ്. (ഈ പ്രത്യേക കേസിൽ, ഒരു സഹോദരി, ഈ വിനീതനിലും, ദൈവീക ദൃഷ്ടാന്തത്തിലും വിശ്വസിക്കുകയും, എന്നിട്ട് തന്റെ സഹോദരിയുടെ ജീവൻ രക്ഷിക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും, എല്ലാവിധ ത്യാഗവും സഹിച്ച് ബ്രിട്ടനിൽ പോകുകയും തന്റെ സഹോദരിയായ ശിറിനി ബൻ താജുവിന് സ്റ്റെം സെൽസ് നൽകുകയും ചെയ്തു; മൗറീഷ്യസിലെ ജമാഅത്ത് അഹ്മദിയ്യായുടെ ഇപ്പോഴത്തെ അമീറിന്റെ ഭാര്യ സഹോദരിയും, ഭാഗിനേയിയുമാണ്.

ഒരു സഹോദരി, എന്ത് തന്നെയായാലും, തന്റെ സഹോദരിയുടെ ജീവൻ രക്ഷിക്കുവാൻ ആഗ്രഹിച്ചു. തന്റെ കുടുംബത്തിൽ നടന്ന വൈവാഹികവും മറ്റിതര തരത്തിലുമുള്ള അനേകം കാര്യങ്ങളിൽ നിന്ന് തന്നെ മാറ്റി നിർത്തി എന്നത് ഒന്നും പരിഗണിക്കാതെയാണ് അത് ചെയ്തത്. തന്റെ സഹോദരിയായ ശിറിനി ബൻ താജുവിന്റെ ജീവൻ രക്ഷിക്കുവാനുള്ള ചോദ്യം മുന്നിൽ വന്നപ്പോൾ ഈ ബഹിഷ്ക്കരണങ്ങളോ മറ്റു നടപടികളോ ഒന്നും തന്നെ അവരൊരു വിഷയമാക്കിയില്ല. ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ് ആണെന്ന് പ്രഖ്യാപിച്ച ഒരാളിലുള്ള വിശ്വാസവും, ദൈവീക ദൃഷ്ടാന്തവും അതിനൊരു തടസ്സവുമായില്ല. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമാണ് ഈ സ്റ്റെം സെൽസ് നൽകിയത്, വളരെയധികം പ്രാർത്ഥനകളോടെ !

ഇത്തരത്തിലുള്ള മറുപടി നൽകിയ മുല്ല ബശാറത്ത് നവീദ്, എത്തരത്തിലുള്ള ആളാണ് ? അവസാന കാലഘട്ടത്തിൽ പ്രത്യക്ഷപ്പെടുമെന്ന് വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പ്രവചനം ചെയ്ത വിഭാഗത്തിലെ മുല്ലയായി മാറിയിരിക്കുന്നു. അവർ പന്നികളെയും കുരങ്ങുകളെയും പോലെയായിരിക്കുമെന്നും പ്രവചനം ചെയ്തിരിക്കുന്നു. വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. **"ഒരു കാലം വരും, എന്റെ ഉമ്മത്തിലുള്ളവർ വിവിധ ചേരികളിലാകും. അവർക്കിടയിൽ വളരെ വലിയ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായി വരും. സാധാരണ ആളുകൾ അവരുടെ പണ്ഡിതൻമാരുടെ അടുക്കലേക്ക് മാർഗ്ഗദർശനത്തിനായി എത്തും. അവർ പണ്ഡിതൻമാർക്ക് പകരം കാണുന്നത് കുരങ്ങൻമാരെയും പന്നികളെയുമായിരിക്കും."**

ജന ദൃഷ്ടിയിൽ അവർ വലിയ ഫലകങ്ങൾ സ്ഥാപിക്കും. **" എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്"** എന്നാൽ അവർ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളോട്, ശത്രുത കാണിക്കും, വെറുപ്പ് കാണിക്കും. ഇതൊരു നാണക്കേടല്ലേ ? അവർ എന്താണോ പറയുന്നത് അത് പ്രവർത്തി പഥത്തിൽ കൊണ്ടുവരുന്നില്ല. ഉദ്ധരിച്ച ഹദീസ് അപഗ്രഥിക്കുക. വിശുദ്ധ ഖുർ ആൻ വായിക്കുക; എന്നിട്ട് ഹസ്രത് ദാവൂദ് (അ) ഉം ഹസ്രത് ഈസ (അ) ഉം ഇത്തരം ആളുകളെക്കുറിച്ച് എന്താണ് പറഞ്ഞിട്ടുള്ളതെന്ന് കാണുക. ഹസ്രത് ദാവൂദ് (അ) അല്ലാഹുവിന്റെ ഖലീഫയായിരുന്നു. ഹസ്രത് ഈസ (അ) ഇസ്രായേലിയരിൽ വന്ന മസീഹുമായിരുന്നു. ഈ ഹദീസിനെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ, വാഗ്ദത്ത മസീഹ് (അ) നെ അപഹസിച്ച മതപണ്ഡിതന്മാരെക്കുറിച്ച് മാത്രമല്ല ; ഈ കാലഘട്ടത്തില് അഹ്മദി മുല്ലാകൾക്കും ഇത് ബാധകമാണ്.

ചിലപ്പോൾ, ഈ വിഡ്ഢിയായ മുല്ലായ്ക്ക്, അറിവില്ലായിരിക്കാം. പന്നിമാംസം കഴിക്കുന്നത് വിശ്വാസികൾക്ക്, പ്രത്യേകിച്ച് മുസ്ലീംങ്ങൾക്ക് നിരോധിക്കപ്പെട്ട കാര്യമാണെന്ന്. ആയതിനാൽ പന്നി സമ്പൂർണ്ണമായും അനാരോഗ്യദായകമാണ് ; അതിന്റെ മാംസവും. ഇത് ഗൗരവ്വപൂർവ്വം നിരോധിച്ചിട്ടുള്ളതുമാകുന്നു. ഇത് അല്ലാഹു (ത) വിശുദ്ധഖുർആൻ അദ്ധ്യായം 5 വചനം 4 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. (ആരംഭത്തിൽ ഓതിയ വചനം നോക്കുക)

ഗർഭഛിദ്രത്തിനും, വന്ധ്യതയ്ക്കും കാരണമായ ബാക്ടീരിയ പരത്തുന്ന അസുഖം (ബ്രൂസെല്ലോസിസ്) നാം പന്നികളിൽ കാണുന്നു. ഈ രോഗം കണ്ടു പിടിക്കുവാൻ വളരെ പ്രയാസമുള്ളതും, ചികിത്സിച്ച് ഭേദമാക്കുവാൻ അസാധ്യവുമാണ്. അശുദ്ധമാക്കപ്പെട്ട ഇത്തരം മൃഗങ്ങളിൽ നിന്ന് രക്ഷപ്പെടുവാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതാണ്.

ചുരുക്കത്തിൽ പന്നി എന്ന മൃഗം സുപ്രധാന അണുവാഹിനിയാണ്. അതുകാരണം ഗുരുതരവും മാരകവുമായ അസുഖങ്ങൾ ഉണ്ടാവുന്നുണ്ട്. വയറുകടി, നാടവിര, കൊക്കോപ്പുഴു തുടങ്ങിയ വിരബാധകൾ, മഞ്ഞപ്പിത്തം, കഫവാതജ്വരം, അഥവാ ന്യൂമോണിയ, ശ്വാസതടസ്സം, കുടലിലുണ്ടാകുന്ന പ്രതിബന്ധങ്ങൾ, ആഗ്നേയ ഗ്രന്ഥി വീക്കം, കരൾവീക്കം, വയറിളക്കം, പിത്താശയ രോഗങ്ങൾ, അർബുദം, വിളർച്ച, തീഷ്ണമായ പനി, കുഞ്ഞുങ്ങളിലെ വളർച്ചക്കുറവ്, സന്നിപാത ജ്വരം, അമിത ക്ഷീണം, ഹൃദയ സംബന്ധ

മായ അസുഖം, ഗർഭഛിദ്രം, വന്ധ്യത ഇവയെല്ലാം അതിൽ ഉൾപ്പെടുന്നു.

പന്നിമാംസ ഗുണത്തോട് ഒരു വ്യക്തിയെ വിശേഷിപ്പിച്ചാൽ, അതൊരു ജീവൻ രക്ഷിക്കാൻ വേണ്ടിയാണെങ്കിലും, ജീവൻ രക്ഷിച്ചെന്നിരിക്കട്ടെ, ഇപ്പോൾ നാം കണ്ടു കഴിഞ്ഞു, പന്നി മാംസത്തിൽ ഏതെല്ലാം രോഗങ്ങൾ പരത്തുന്ന വൈറസുകൾ ഉണ്ടെന്ന്. ഇങ്ങനെയൊക്കെ ആണെങ്കിലും, ഈ പറയപ്പെട്ട മുല്ല, ഒരു സഹോദരിയുടെ മാംസം, പന്നിമാംസത്തോട് ചേർത്തു പറയുവാൻ അയാൾക്ക് ഒരു അറപ്പും ഉണ്ടായില്ല. എന്നാൽ മറ്റേ സഹോദരി, പന്നിമാംസത്തോട് വിശേഷിപ്പിച്ച, മാംസ രക്തംകൊണ്ട് തന്റെ സഹോദരിയുടെ ജീവൻ രക്ഷിക്കുവാൻ തയ്യാറായി. നിശ്ചയമായും, ഇത്തരത്തിലുള്ള ആളുകൾ, (ഇതുപോലെ ചിന്തിക്കുന്നവർ) യഥാർത്ഥത്തിൽ അന്ധൻമാരാണ്. ഇവിടെ ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ രക്ഷിക്കുവാൻ ശ്രമിക്കുന്നു. ഡോക്ടർമാർ വാഴ്സാലി കുടുംബത്തിലെ എല്ലാവരുടെയും രക്തം പരിശോധനാവിധേയമാക്കുന്നു. എന്നാൽ വാഴ്സാലി കുടുംബത്തിൽ, ഈ ബശാറത്ത് നവീദ് മുല്ല, പന്നിമാംസത്തോട് താരതമ്യം ചെയ്ത സഹോദരിയുടെ രക്തം മാത്രമാണ് ബോൺ മാരോ തുടങ്ങിയ രോഗചികിത്സയ്ക്ക് പൂർണ്ണമായും അവരുടെ രോഗിക്ക് ചേരുന്നതായി കണ്ടെത്തിയത് !

അങ്ങനെ ബശാറത്ത് നവീദിനെയും അദ്ദേഹത്തെ പോലുള്ളവരുടെയും അഭിപ്രായമനുസരിച്ച്, ഡോക്ടർമാരുടെ രക്ത വിശകലനം തെറ്റായിരുന്നു! ആരോഗ്യം ക്ഷയിച്ച ഒരാളുടെ രക്തവും സ്റ്റെം സെൽസും എങ്ങനെയാണ് രോഗശാന്തിക്കായി രോഗിണിക്ക് വേണ്ടി കൊടുക്കുവാൻ സാധിക്കുക ? ഇതിലൂടെ അവരുടെ ആരോഗ്യം പൂർണ്ണമായും തകരുമോ അതോ ജീവിതം വീണ്ട്ടെക്കുവാൻ സാധിക്കുമോ ? മനുഷ്യ ശരീരത്തിന് ഹാനികരവും മരണകാരണവുമായ ബോംബുകൾ വഹിക്കുന്ന മറ്റൊരു മൃഗം ഭൂമുഖത്തുള്ളതായി എനിക്കറിയില്ല ! വ്യക്തിപരമായി ഞാൻ വിശ്വസിക്കുന്നത്, പന്നി മാംസം ഒരാഹാരമല്ല ; മറിച്ച് ഒരു വിഷ കൂനയാണ്. പന്നികളിൽ സാധാരണ കാണുന്ന മറ്റൊരു പരാന്ന ഭുക്കാണ് **'ബാലൻ ടിഡിയം കൂലി'** ഗവേഷകർ വെളിപ്പെടുത്തിയിരിക്കുന്നത് അതിന്റെ ശബ്ദതരംഗ റേറ്റ് 21 മുതൽ 100 ശതമാനം വരെയാണ് !

പന്നികളെ ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ ഈ രോഗം സാധാരണമാണ്. അമേരിക്കയിൽ ആറിൽ ഒരാൾക്ക് ഈ രോഗബാധയുണ്ട്. കാനഡയിൽ, പന്നിമാംസ ഉപയോഗം മൂലം, മസിലുകളിലേക്ക് വിരകളെ പ്രവേശിപ്പിക്കുന്നത് ശീലമാക്കിയിരിക്കുന്നു. ഈ രോഗത്തിൽ നിന്ന് ആരും സുരക്ഷിതരല്ല. അതിനൊരു ചികിത്സയുമില്ല. ഈ ചെറിയ മാരകമായ വിരകൾക്കെതിരിൽ ഫലപ്രദമായ വാക്സിനോ, ഡ്രഗ്സോ, ആന്റി ബയോട്ടിക്സോ ലഭ്യമല്ല. ടിഷ്യൂകളിൽ ഉണ്ടാകുന്ന ഈ പരാന്ന ഭുക്കിനെ കൊല്ലുവാൻ ഒരു വഴിയും കണ്ടെത്തിയിട്ടില്ല. ഇവയെ പുറത്താക്കാൻ ആരും ഒരു വഴിയും കണ്ടെത്തിയിട്ടില്ല.

പന്നിയുമായി ബന്ധപ്പെട്ട മറ്റു പലരോഗങ്ങളുമുണ്ട്. അതിൽപ്പെട്ടതാണ് **'എറിസ്പീലസ്'** ശ്വാസകോശ രക്തസ്രാവം, പകർച്ച വ്യാധിയായ പന്നിയിലെ ഗർഭഛിദ്രം. **'എറിസ്പീലസ്'** എന്നാൽ എന്താണ് ? ഈ രോഗം ഉണ്ടാകുന്നത് അണുബാധയിലൂടെയാണ്. ഈ രോഗം തീഷ്ണമായതും നീണ്ട് നിൽക്കുന്നതുമാണ്. തീഷ്ണമായ ഈ രോഗത്തിന്റെ ലക്ഷണങ്ങൾ, ശക്തമായ പനിയും, വിശപ്പില്ലായ്മയും, പ്രവർത്തന മാന്ദ്യവും ആകുന്നു. ഇത് പെട്ടെന്നുള്ള മരണത്തിന് കാരണമാകുന്നു. നീണ്ടു നിൽക്കുന്ന എറിസ്പീലസ് തൊലിപ്പുറത്ത് പുണ്ണുണ്ടാക്കുകയും, അതിന്റെ പരിസരങ്ങളിൽ പാർശ്വഫലങ്ങൾ ഉളവാക്കുകയും ചെയ്യുന്നു.; അതോടൊപ്പം ഹൃദയ വാൽവുകൾക്ക് തകരാറ് സംഭവിക്കുകയും, ഹൃദയ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയും പെട്ടെന്നുള്ള മരണഹേതുകമാവുകയും ചെയ്യുന്നു.

ആയതിനാൽ, ഈ പറയപ്പെട്ട മുല്ലായ്ക്ക് ബോധനം നൽകുന്നതിനായി, പന്നി മാംസത്തിൽ അടങ്ങിയിരിക്കുന്ന എല്ലാവിധ അപകടങ്ങളെക്കുറിച്ചും പ്രതിപാദിച്ചിരിക്കുകയാണ്. മുഹമ്മദ് (സ) പ്രവചനം ചെയ്ത

ഹദീസ് ഈ കാലഘട്ടത്തിലെ മുല്ലാക്കൾക്ക് ഏറ്റവും അനുയോജ്യമായിരിക്കുന്നു. **"അവർ കുരങ്ങുകളെയും പന്നികളെയും പോലായിരിക്കും"**

ആയതിനാൽ ഈ മുല്ലായിൽ മൃഗീയമായ ഗുണങ്ങൾ പ്രകടമാകുന്നെങ്കിൽ, നിങ്ങൾ ഒന്ന് ചിന്തിക്കുക; എത്രമാത്രം വൈറസ് ഈ മുല്ലായിലൂടെ ജമാഅത്ത് അഹ്മദിയ്യായിൽ വ്യാപിച്ചിട്ടുണ്ടാകും, പ്രത്യേകിച്ച് മൗറീഷ്യസിൽ. ഈ വൈറസുകൾ അഹ്മദികളിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ അത് എത്രമാത്രം ഗുരുതരമായിരിക്കും! അതുകൊണ്ട് തന്നെ അതിനൊരു പ്രതിവിധിയുമില്ല. ഇത്തരം മുല്ലാക്കളും അമീർമാരും വാഗ്ദത്തമസീഹ് (അ) ന്റെ ജമാഅത്തിൽ ഉണ്ടാകാൻ പാടില്ലാത്തതാണ് ! അവിടെ വളരെ വലിയ ശുദ്ധീകരണം നടത്തേണ്ടതുണ്ട് ! ഇത്തരം അമീർമാരെയും മുല്ലാക്കളെയും പുറത്താക്കേണ്ടതാണ്. അവർ തങ്ങളുടെ മാരകമായ വൈറസിലൂടെ വാഗ്ദത്ത മസീഹ് (അ) ന്റെ അധ്യാപനങ്ങളിൽ വിഷം കലർത്തുകയാണ് ചെയ്യുന്നത്.

ദേശീയ, അന്തർദേശീയ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സഹോദരിമാരെ സഹോദരന്മാരെ ! നിങ്ങൾ ധാരാളമായി പ്രാർത്ഥിക്കുക. ഇത്തരം അമീർമാരും മുല്ലാമാരും നമ്മുടെ ജമാഅത്തിൽ ഉണ്ടാകാതിരിക്കുവാൻ ! അല്ലാഹുവിൽ നിന്ന് വരുന്ന പരിശുദ്ധമായ സന്ദേശത്തെ അവരുടെ മാരക വൈറസ് മൂലം വിഷമയമാക്കി തീർക്കുന്നതാണ്. ഇനി അത്തരം ആളുകൾ നമ്മുടെ ജമാഅത്തിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ, ഞാൻ ദു ആ ചെയ്യുന്നു അവർ വന്ന വേഗതയിൽ തന്നെ അല്ലാഹു (ത) അവരെ പുറത്താക്കട്ടെ ആമീൻ ! ഓരോ വ്യക്തിയുടെയും ഉദ്ദേശ്യവും ഹൃദയവും അറിയുന്നവൻ, കഴിവുറ്റവനായ അല്ലാഹുമാത്രമാണ്. ഒരാൾ സത്യവാനാണെങ്കിൽ, അയാൾ യഥാർത്ഥ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ ആയി തീരുന്നതാണ്; അതിൽ അദ്ദേഹം ഉറച്ചു നിൽക്കും; നിഷ്കളങ്കനുമായിരിക്കും. അല്ലാഹു (ത) മാരകമായ വൈറസ് ആക്രമണങ്ങളിൽ നിന്ന് നമ്മെ കാത്തു സംരക്ഷിക്കട്ടെ ! ആമീൻ.


**Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

**Translated by**
**R. Jamaludin Raother**
**Dr. Haseena M Fazil**


*****************